(സി & ഡി) അധികാര വികേന്ദ്രീകരണം വഴി ഈ ആശുപത്രി തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുള്ളതിനാൽ ആശുപത്രിയിലെ എല്ലാവിധ അറ്റകുറ്റപ്പണികളും നടത്തേണ്ടത് നിർദ്ദിഷ്ഠ തദ്ദേശസ്വയം ഭരണ സ്ഥാപനമാണ്. ആകയാൽ ഇക്കാര്യം ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ഇ) സ്വകാര്യ വ്യക്തിക്ക് വഴി നൽകിയിട്ടില്ല. എന്നാൽ ആശുപത്രിയുടെ മെയിൻഗേറ്റിന് സമീപം 20 മീറ്ററോളം ചുറ്റുമതിൽ പൊളിഞ്ഞു കിടക്കുന്നതിനാൽ അതുവഴി ആൾക്കാർ നടക്കാറുണ്ട്. ചുറ്റുമതിൽ കെട്ടേണ്ടതിന്റെ ആവശ്യകത തദ്ദേശസ്വയം ഭരണ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ഫാർമസിസ്റ്റുകളുടെ അന്തർജില്ലാ സ്ഥലംമാറ്റം

180 (3370) ശ്രീ. ടി. കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിലെ ഫാർമസിസ്റ്റുകളുടെ അന്തർജില്ലാ സ്ഥലം മാറ്റം ഈ വർഷം എപ്പോഴാണ് നടപ്പിൽ വരുത്തുകയെന്ന് വ്യക്തമാക്കുമോ ;

(ബി) 1997, 1998, 1999 എന്നീ വർഷങ്ങളിൽ അന്തർജില്ലാ സ്ഥലംമാറ്റം വഴി എത്രപേർക്ക് മാറ്റം ലഭിച്ചിട്ടുണ്ടെന്നുള്ളതിന്റെ വർഷം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

ഉത്തരം

(എ) 2000 ഏപ്രിൽ മാസം അവസാനം.

(ബി) 1997-ൽ മൂന്നുപേർക്കും, 1998-ൽ ഒരാൾക്കും, 1999-ൽ നാലു പേർക്കും സ്ഥലംമാറ്റം നൽകിയിട്ടുണ്ട്.

ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് വിഭാഗത്തിൽ നിന്നും ഡി. പി. എച്ച്. എൻ. ആയി പ്രമോഷൻ നൽകാൻ നടപടി

181 (3371) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിൽ ഡി. ജി. എച്ച്. എൻ. തസ്തികകളിലേക്ക് സ്പെഷ്യൽ റൂൾ ലംഘിച്ച് മുൻപ് പ്രൊമോഷനുകൾ നൽകിയിട്ടുണ്ടോ ; എങ്കിൽ ഇവ പുനഃപരിശോധിക്കുമോ ;

(ബി) സ്പെഷ്യൽ റൂൾ പ്രകാരം പ്രമോഷൻ ലഭിക്കേണ്ട ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് വിഭാഗത്തിൽ നിന്നും ഡി. പി. എച്ച്. എൻ. ആയി പ്രൊമോഷൻ നൽകാൻ വേണ്ട നടപടി കൈക്കൊള്ളുമോ ;

(സി) സ്റ്റാഫ് നേഴ്സ് വിഭാഗത്തിൽ നിന്നുള്ളവർക്ക് ട്രെയിനിംഗ് സ്കൂൾ ട്യൂട്ടർ, വൈസ് പ്രിൻസിപ്പാൾ, പ്രിൻസിപ്പാൾ എന്നീ തസ്തികകളിലേക്ക് പ്രൊമോഷൻ നൽകാൻ നടപടി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly